**പതിമൂന്നാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1381 03.12.2015 -ൽ മറുപടിക്ക്**

## ഹരിത ദേശീയപാതാ നയം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എൻ .എ.നെല്ലിക്കുന്ന്<br>,, റ്റി.എ.അഹമ്മദ് കബീർ<br>,, വി.എം.ഉമ്മർ മാസ്റ്റർ<br>,, പി.ഉബൈദുള്ള | ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പുമന്ത്രി) |
| (എ) ദേശീയ പാതയോരങ്ങളിൽ മരം വച്ചു പിടിപ്പിക്കുന്നതിനുള്ള കേന്ദ്രസർക്കാരിന്റെ ഹരിത ദേശീയപാതാ നയം സംബന്ധിച്ച പൂർണ്ണവിവരം ലഭ്യമായിട്ടുണ്ടോ; | (എ) വാഹനപ്പെരുപ്പം മൂലമുണ്ടാകുന്ന ശബ്ദമലിനീകരണം, അന്തരീക്ഷ മലിനീകരണം, മണ്ണൊലിപ്പ് എന്നിവ നിയന്ത്രിക്കുവാൻ മരങ്ങൾക്ക് കഴിയുന്നതിനാൽ കേന്ദ്ര സർക്കാർ ഗ്രീൻ ഹൈവേയ്സ് (പ്ലാന്റേഷൻ, ട്രാൻസ്പ്ലാന്റേഷൻ, ബ്യൂട്ടിഫിക്കേഷൻ ആന്റ് മെയിന്റനൻസ്) പോളിസി 2015 പുറപ്പെടുവിച്ചിട്ടുണ്ട്. ഇതു പ്രകാരം കൺസഷനർ അഥവാ കോൺട്രാക്ടർ പ്രസ്തുത പോളിസിയിൽ പ്രതിപാദിച്ച തരത്തിലുള്ള മരങ്ങൾ വച്ചു പിടിപ്പിക്കുവാനുള്ള വ്യവസ്ഥകൾ കൺസഷൻ എഗ്രിമെന്റ്/കോൺട്രാക്ട് എഗ്രിമെന്റ് എന്നിവയിൽ ഉൾപ്പെടുത്തേണ്ടതും ഇതിൽ വീഴ്ച വരുത്തുന്ന കൺസഷണർ/ കോൺട്രാക്ടർ പെനാൽറ്റി നൽകേണ്ടതുമാണ്. |
| (ബി) പ്രസ്തുത പദ്ധതി പ്രകാരം എന്തു സഹായം ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ ; | (ബി) പ്രോജക്ട് കോസ്റ്റിന്റെ 1% പ്രസ്തുത പദ്ധതിയ്ക്കായി എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തുവാൻ കേന്ദ്ര സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | ഇതുൾപ്പെടെ അടുത്ത അഞ്ചു വർഷത്തെ ദേശീയ പാതാ വികസന പദ്ധതികൾ പ്രകാരം നടപ്പാക്കാനാവുന്ന പദ്ധതികളുടെ രൂപരേഖ തയ്യാറാക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ? | (സി) | സംസ്ഥാന പൊതുമരാമത്ത് വകുപ്പ് മുഖാന്തിരമുള്ള ദേശീയപാതാ വികസനത്തിന്റെ ഡി.പി.ആർ തയ്യാറാക്കുന്ന പ്രവൃത്തികൾ പ്രാരംഭ ഘട്ടങ്ങളിലാണ്. ഇവയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്ന ഘട്ടങ്ങളിൽ പ്രസ്തുത പദ്ധതി കണക്കിലെടുക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ